30.22 ലക്ഷം രൂപയും ആദ്യവർഷ വിഹിതമായി 17 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. താഴെ പറയുന്നവയാണ് ഇതിന്റെ പ്രധാന നടപടികൾ.

1) ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനായി പുതിയ ഉല്പന്നങ്ങൾ കണ്ടുപിടിക്കുക.

2) ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധനവിനായി ഗുണമേന്മയുള്ള കളിമണ്ണ് നിക്ഷേപം കണ്ടെത്തുക. അതിന്റെ ഭാഗമായി തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ സർവേ നടത്തി കളിമൺ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഭൂപടം തയ്യാറാക്കിവരുന്നു.

3) നിലവിലുള്ള പഴഞ്ചൻ യന്ത്രങ്ങൾക്കു പകരം ആധുനിക യന്ത്രങ്ങൾ സ്ഥാപിക്കുക.

(4) ഈ രംഗത്തെ ഊർജ്ജ സംരക്ഷണത്തിനും തദ്വാര ഉല്പാദന ച്ചെലവ് കുറയ്ക്കുന്നതിനും ആവശ്യമായ പുതിയ സാങ്കേതിക വിദ്യ രൂപപ്പെടുത്തുക.

(5) മറ്റൊരു അസംസ്കൃത പദാർത്ഥം കണ്ടെത്തുക.

ഇതിനുപുറമെ ദീർഘകാലാടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കൂടി പ്രസ്തുത പ്രോജക്ട് ഏറ്റെടുക്കും.

(1) സംസ്കരിച്ച അസംസ്കൃത പദാർത്ഥങ്ങൾ രൂപപ്പെടുത്തുക.

(2) ഓടു വ്യവസായ സ്ഥാപനങ്ങളിൽ ഗുണമേന്മാ പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുക.

(3) പുതിയ കളിമണ്ണ് സംസ്ക്കരണ സാങ്കേതിക വിദ്യ രൂപപ്പെടുത്തിയെടുക്കുക.

(4) ഈ മേഖലയിൽ നടപ്പാക്കാൻ പോകുന്ന ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും സംബന്ധിച്ച് വ്യവസായികൾക്ക് ബോധവൽക്കരണ പരിശീലനം സംഘടിപ്പിക്കാനുള്ള കേന്ദ്രം സ്ഥാപിക്കുക.

(5) ഓട് വ്യവസായത്തിന് പ്രത്യേക വിപണന തന്ത്രം ആവിഷ്ക്കരിക്കുക.

(സി) ഉദ്ദേശം ഒരു ലക്ഷം തൊഴിലാളികൾ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ എടുക്കുന്നുണ്ട്.

(ഡി) ഓട് വ്യവസായ മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പഠിക്കുവാനായി സർക്കാർ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി ഈ മേഖലയുടെ പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കുകയും പ്രശ്ന പരിഹാരങ്ങൾക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഓട് വ്യവസായത്തെ ആധുനീകരണത്തിലൂടെയും വൈവിദ്ധ്യവൽക്കരണത്തിലൂടെയും പുനരുദ്ധരിച്ചുകൊണ്ട് വരിക എന്നതാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇത്തരുണത്തിൽ 'ബി' വിഭാഗം ചോദ്യത്തിന് നൽകിയിട്ടുള്ള ഉത്തരം കണ്ടാലും.

ചെറുകിട വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

12 (1353)<u>ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ</u> :
<u>ശ്രീ. വി. ബാലറാം</u> :
<u>ശ്രീ. വി.ജെ. പൗലോസ്</u> :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്;

(ബി) ഉദാരവൽക്കരണ സാഹചര്യത്തിൽ ചെറുകിട വ്യവസായ മേഖലയെ ഏതുവിധത്തിൽ ഉത്തേജിപ്പിക്കാമെന്നാണ് സർക്കാർ കരുതുന്നത്;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നയപരമായ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(ഡി) ഈ നടപടികൾമൂലം ഉണ്ടായിട്ടുള്ള പുരോഗതി വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

(1) ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള കാലതാമസം

(2) ഉപഭോക്താക്കളിൽനിന്ന് പണം ലഭിക്കുന്നതിനുള്ള കാലതാമസം.

(3) അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യം.

(4) വിവിധ വകുപ്പുകളിൽനിന്നും ക്ലിയറൻസുകൾ ലഭിക്കുന്നതിനുള്ള താമസം.

(5) അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം

(6) ഉദാരവൽക്കരണം ആഗോളവൽക്കരണം എന്നിവയിൽ നിന്ന് ഉളവാകുന്ന ഭീഷണി.

(7) തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ.

(8) വിപണന മേഖലയിലെ മാന്ദ്യത.

(9) സാങ്കേതികജ്ഞാനമുള്ള തൊഴിലാളികളുടെ അഭാവം.

(10) പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന തകർച്ചയുടെ ഭീഷണി.

(ബി)&(സി) ചെറുകിട വ്യവസായ മേഖലയിലെ തകർച്ചയിൽ എത്തിനിൽക്കുന്ന വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിച്ച് അവയെ ദേശീയനിലവാരത്തിലേയ്ക്ക് ഉയർത്തുക; ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും വഴി ഇത്തരം വ്യവസായ ഉല്പന്നങ്ങൾക്ക് വർദ്ധിച്ച ഗുണമേന്മയും ആകർഷണീയതയും ഉറപ്പുവരുത്തി ഇവയ്ക്ക് കൂടുതൽ വിപണന സാദ്ധ്യത ഉറപ്പുവരുത്തുക എന്നിവയാണ് ലക്ഷ്യങ്ങൾ. ഈ വിധത്തിൽ പരമ്പരാഗത വ്യവസായ മേഖലയായ ഓട്, കരകൗശലം എന്നിവയ്ക്കായി നൂതന സാങ്കേതിക വിദ്യ. യന്ത്രസാമഗ്രികൾ എന്നിവയുടെ സഹായത്താൽ ആവശ്യമായ മാറ്റം ഏർപ്പെടുത്താനുള്ള സജ്ജീകരണങ്ങൾ നടന്നുവരുന്നു. ഇതു കൂടാതെ വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ എല്ലാ ഗ്രാമങ്ങളെയും ഇന്റർനെറ്റുമായി ബന്ധപ്പെടുത്തി വികേന്ദ്രീകരിച്ചുള്ള ആസൂത്രണം, പരമ്പരാഗതമടക്കമുള്ള വ്യവസായങ്ങളുടെ ആധുനികവൽക്കരണം, അവയുടെ കാര്യക്ഷമത

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കി നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആഗോളവൽക്കരണസമയത്ത് ചെറുകിട വ്യവസായ മേഖലയിലെ ഉല്പന്നങ്ങൾക്ക് ഐ.എസ്.ഒ. 9000 അടിസ്ഥാനമാക്കിയുള്ള ഗുണമേന്മ ഉറപ്പുവരുത്തി ഇവയെ ഫലപ്രദമായി ഉപഭോക്താക്കൾക്ക് എത്തിക്കാൻ വേണ്ട എല്ലാ സജ്ജീകരണങ്ങളും ഏർപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ ഉദ്ദേശം. ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ സർക്കാർ വിവിധ പദ്ധതികൾ ഇതിനകം ആവിഷ്ക്കരിച്ചുകഴിഞ്ഞു. പുതിയ സാങ്കേതികവിദ്യ വ്യവസായികൾക്ക് ലഭ്യമാക്കാൻ ഉതകുന്ന തരത്തിലുള്ള ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് പദ്ധതി, കരകൗശല ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും ഗുണമേന്മയും ഉറപ്പുവരുത്താനുതകുന്ന രീതിയിൽ കോമൺ ഫെസിലിറ്റി സെന്റർ, വിപണനം സുഗമമാക്കാനായി വിപണന എമ്പോറിയങ്ങൾ സ്ഥാപിക്കുക എന്നീ പദ്ധതികൾ ഇതിൽ എടുത്തുപറയേണ്ട പുതിയ പദ്ധതികളാണ്. ഏഷ്യാ പെസഫിക് സെന്റർ ഫോർ ടെക്നോളജി ട്രാൻസ്ഫറുമായി കെ.ബി.ബിപ്പ് ഒരു കരാറുണ്ടാക്കി. പുതിയ സാങ്കേതികവിദ്യ ലഭിക്കുന്നതിനും നടപടിയെടുത്തുകഴിഞ്ഞു. പനമ്പു വ്യവസായ മേഖലയെ സഹായിക്കാൻ സാങ്കേതിക സഹായം നൽകാൻ ആദ്യ ഡെലിഗേഷൻ വന്നുകഴിഞ്ഞു. രോഗഗ്രസ്ഥ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിന് വിദഗ്ദ്ധന്മാരെ നിയമിച്ച് പ്രവർത്തനം ഭൂരിപക്ഷം ജില്ലകളിലും നടന്നുവരുന്നു.

(ഡി) സർക്കാർ നയപരിപാടികളുടെ ഫലം കണ്ടെത്താൻ ഇനിയും സമയം ആവശ്യമാണ്. തകർച്ചയുടെ വക്കിൽ എത്തിനിൽക്കുന്ന വ്യവസായങ്ങളെ പുനരുദ്ധരിക്കുക എന്നത് കാലതാമസം ഉളവാക്കുന്ന ഒരു സാങ്കേതിക പ്രക്രിയയായതിനാൽ ദീർഘകാലാടിസ്ഥാനത്തിൽ മാത്രമേ ഇതിന്റെ പൂർണ്ണ ഫലം അറിയാൻ കഴിയൂ.

ഗ്രാമീണ വ്യവസായങ്ങൾ

13 (1354) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ആക്കം കൂട്ടുന്നതിൽ ചെറുകിട ഗ്രാമീണ വ്യവസായങ്ങൾ പ്രോച്ചപ്പെടുത്തേണ്ടതുണ്ടെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ബി) എങ്കിൽ അതിനുവേണ്ടി ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ നടപടികളുടെ ഫലമായി ചെറുകിട വ്യവസായ രംഗത്ത് എന്തെല്ലാം മാറ്റം വരുത്തുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുവാൻ വേണ്ടി പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം വായ്പയ്ക്കും പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടകപദ്ധതി പ്രകാരം സാമ്പത്തിക സഹായവും അനുവദിക്കുന്നു. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻവേണ്ടി കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly